| QUESTION PAPER | കുവൈത്ത് കേരള ഇസ്‌ലാഹി സെന്റർ<br>ഖുർആൻ & ഹദീസ് ലേണിംഗ് സെന്റർ<br>**ഖുർആൻ വിജ്ഞാന പരീക്ഷ - ഘട്ടം 31**<br>സൂറഃ യൂസുഫ് |
|---|---|
| 2018 APRIL 20 | |

| REG NO. | TIME 2 HRS | Max Marks 100 |
|---|---|---|

**നിർദേശങ്ങൾ**

1) ചോദ്യ പേപ്പറിനൊപ്പം ലഭിക്കുന്ന പ്രത്യേക ഉത്തരക്കടലാസിലാണ് ശരിയുത്തരം രേഖപ്പെടുത്തേണ്ടത്
2) ഉത്തര പേപ്പറില് ക്രമ നമ്പർ അനുസരിച്ച് ഇവയിലൽ ഏതെങ്കിലും ഒന്ന് എഴുതുക
3) റജിസ്ട്രർ നമ്പർ ചോദ്യപേപ്പറിലും ഉത്തരക്കടലാസിലും രേഖപ്പടുത്തണം.
4) ഏതെങ്കിലും ചോദ്യത്തിന് ഒന്നിലധികം ഉത്തരം അടയാളപ്പെടുത്തിയാല് മൂല്യ നിർണയത്തിൽ അവ പരിഗണിക്കപ്പെടുകയില്ല
5) പരീക്ഷാ ഹാളിലൽ മൊബൈലൽ ഫോണ് ഉപയോഗിക്കാൻ പാടില്ലാത്തതാണ്
6) പരീക്ഷക്ക് ശേഷം ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏല്പിക്കേണ്ടതാണ്, ചോദ്യക്കടലാസ് പരീക്ഷാർത്ഥിക്ക് കൊണ്ടു പോകാവുന്നതാണ്.

**ബ്രാക്കറ്റിൽ നിന്നും ശരിയുത്തരം എഴുതുക** **1 മുതൽ 75 വരെ 1 മാർക്ക് വീതം**

1. വിശുദ്ധ ക്വുർആന്റെ വ്യാഖ്യാനതിന്റെ വിഷയത്തിൽ നബി ﷺ യുടെ പ്രത്യേക പ്രാർത്ഥന ലഭിക്കുവാൻ ഭാഗ്യം സിദ്ധിച്ച വ്യക്തിയാണ് ..................

   (A. അബ്ദുല്ലാഹിബ്നു ഉമർ B. ഇബ്നു അബ്ബാസ്
   C. അബ്ദുല്ലാഹിബിന് മസ്ഊദ് )

2. പ്രസിദ്ധ അറബി നിഘണ്ടുവായ ക്വാമൂസിന്റെ ( القاموس ) ഗ്രന്ഥകർത്താവ് ആര് ?

   (A. ഫൈറൂസാബാദി B. അൽബാനി C. ശാഹ് അദ്ദഹ്ലവി)

3. താബിഉകളിൽ ഹലാലും ഹറാമും' (മതനിയമങ്ങൾ) കൂടുതൽ അറിയുന്ന മഹാനാണ്

   (A. ഹസൻ ബസ്വരീ B. സഈദുബ്നുജുബൈർ C. ഇക്‌രിമഃ)

4. തൗറാത്ത് ...................... ഭാഷയിലാണ്

   (A.ഹിബ്രു B. അറബി C. സുരിയാനി )

5. വിശുദ്ധ ക്വുർആന്റെ ഒന്നാമത്തെ വ്യാഖ്യാതാവ് ആര് ?

   ( A. ജിബ്‌രീൽ(അ) B. മുഹമ്മദ് നബി ﷺ C. അലിയുബിനു അബീ ത്വാലിബ് )

6. മുമ്പ് യൂസുഫ് (അ) നെ .................... കൊണ്ടുപോകാൻ സമ്മതം ചോദിച്ചപ്പോഴും ഞങ്ങളവനെ കാത്തുരക്ഷിച്ചുകൊള്ളാമെന്നു പറഞ്ഞായിരുന്നു സഹോദരന്മാർ കൊണ്ടുപോയത്

(A. മേച്ചിൽസ്ഥലത്തേക്കു B. അയൽ പ്രദേശത്തേക്ക് C. ബന്ധു വീട്ടിലേക്ക് )

7. വ്യഭിചാരക്കുറ്റത്തിന്റെ ശിക്ഷ എറിഞ്ഞുകൊല്ലലാണെന്നുള്ള നിയമം ഒളിച്ചു വെച്ച .................. നബി ﷺ അവരുടെ വേദം കൊണ്ടുവന്നു വായിക്കുവാൻ ആവശ്യപ്പെടുകയുണ്ടായി.

( A. മജൂസികളോട് B. യഹൂദികളോട് C. ക്രിസ്ത്യാനികളോട്

8. المناسك എന്നാൽ പ്രധാനമായും ............................ സംബന്ധിക്കുന്നതാണ്.

(A. ഹജ്ജ് കർമങ്ങൾ B. നമസ്കാരം C. നോമ്പ് )

9. നബി ﷺ യുടെ എഴുത്തുകാരിൽപെട്ട ഒരു പ്രധാനി യാണ് ................

( A. സൈദുബ്നു ഥാബിത്ത് B. അബൂമൂസൽ അശ്അരീ

C. ഉബയ്യുബ്നു കഅ്ബ് )

10. ദൂര രാജ്യങ്ങളിൽ നിന്നു വിദേശികൾ ............................ ൽ വന്നു ധാന്യം വാങ്ങിക്കൊണ്ടുപോകുക പതിവായിരുന്നു

( A. കൻആൻ B. ശാം C. ഈജിപ്ത് )

11. തർജുമാനുൽ ക്വുർആൻ (ക്വുർആന്റെ പരിഭാഷകൻ) എന്നു അപരനാമത്തിൽ പ്രസിദ്ധി നേടിയ മഹാൻ ആര് ?

(A. അലി B. ഇബ്നു അബ്ബാസ് C. അബ്ദുല്ലാഹിബിന് മസ്ഊദ് )

12. എല്ലാം അല്ലാഹുവിന്റെ വിധിയും കൽപനയും അനുസരിച്ചു തന്നെ നടക്കുമെന്നതിനാൽ എല്ലാറ്റിലും വെച്ച് വലിയ പരിഹാര മാർഗ്ഗമായി യാക്കൂബ് നബി നിർദേശിച്ചത് ....................... എന്നതാണ്.

(A. അല്ലാഹുവിൽ ഭരമേൽപിക്കുക B. രണ്ടു കവാടത്തിലൂടെ കടക്കുകക

C. സൂക്ഷമത വെച്ച് പുലർത്തുക)

13. യൂസുഫ് നബി അധികാരം ഏറ്റെടുത്ത ശേഷം മഴയുടെയും സമൃദ്ധിയുടെയും കാലഘട്ടമായി എണ്ണപ്പെട്ടതു എത്ര വർഷങ്ങൾ ആയിരുന്നു ?

(A. 6 B. 7 C. 8 )

14. ഭക്ഷ്യക്ഷാമം ബാധിച്ച കാലത്തു ഈജിപ്ത് ഭരണകൂടം ധാന്യം അന്വേഷിച്ചുവന്നവർക്കു നൽകിയിരുന്ന ധാന്യ അളവ് എത്ര ?

(A. ഒരു ഒട്ടകച്ചുമട് B. രണ്ടു ഒട്ടകച്ചുമട് C. മൂന്ന് ഒട്ടകച്ചുമട് )

15. "നിശ്ചയമായും ഞങ്ങൾ അവനെ കാത്തുസൂക്ഷിക്കുന്നവരുമായിരിക്കും " ഇത് ആരുടെ വാക്കുകളാണ്

(A. യൂസുഫിന്റെ B. ബിന്യാമീന്റെ C. യുസുഫിന്റെ സഹോദരന്മാരുടെ)

16. ഈജിപ്തിലേക്കുള്ള യാത്രയിൽ യൂസുഫിന്റെ സഹോദരങ്ങൾ ഉപയോഗിച്ച വാഹനം എന്തായിരുന്നു?

(A. കുതിര B. കഴുത C. ഒട്ടകം)

17. ഇനി നിങ്ങൾ അവനെ കൊണ്ടുവരാത്ത പക്ഷം എന്റെ അടുക്കൽ ധാന്യം ഇല്ല" ഇത് ആരുടെ വാക്കുകളാണ് ?

(A. യാക്കൂബിന്റെ B. യൂസുഫിന്റെ C. ഈജിപ്തിലെ രാജാവിന്റെ)

18. അറബി ലിപി ................. അക്ഷരങ്ങൾ അടങ്ങിയതാകുന്നു

(A. 26 B.28 C.25)

19. "യുസുഫിന്റെ സഹോദരന്മാർക്ക് അവരുടെ ചരക്കു തന്നെ മടക്കപ്പെട്ടതായി അവർ കണ്ടെത്തി" എപ്പോൾ?

( A. മടക്ക യാത്രയിൽ B. വീട്ടിലെത്തിയപ്പോൾ C. മടക്കയാത്രയ്ക്ക്മുമ്പ് )

20. إِنِ الْحُكْمُ إِلَّا لِلَّـهِ ۖ عَلَيْهِ تَوَكَّلْتُ ۖ وَعَلَيْهِفَلْيَتَوَكَّلِ الْمُتَوَكِّلُونَ (വിധി അല്ലാഹുവിനല്ലാതെ (ആർക്കും) ഇല്ല. അവന്റെ മേൽ ഞാൻ (കാര്യങ്ങൾ) ഭരമേൽപിച്ചിരിക്കുന്നു; ഭരമേൽപിക്കുന്നവർ അവന്റെ മേൽതന്നെ ഭരമേൽപിച്ചുകൊള്ളട്ടെ.. ഇത് ആരുടെ വാക്കുകളാണ്.

(A. യൂസുഫ് (അ) B. യാക്കൂബ്(അ) C. മുഹമ്മദു നബി ﷺ)

21. ആപത്തും കഷ്ടപ്പാടും നേരിടുമ്പോൾ ............ വരുന്നത് ആക്ഷേപാർഹമാകുന്നു.

(A. വ്യസനം B . കോപം C. കരച്ചിൽ )

22. എന്തിനു വേണ്ടിയാണ് യൂസുഫ് നബി തൻറെ കുപ്പായം സഹോദരങ്ങൾക്ക് നൽകിയത്.

( A. ബുദ്ധിമുട്ടുണ്ടാകുമ്പോൾ ബറക്കത്തു എടുക്കുവാൻ

B. ക്ഷാമം ഇല്ലാതാക്കാൻ C. പിതാവിന്റെ കാഴ്ച തിരിച്ചു ലഭിക്കുവാൻ )

23. ............ അല്ലാതെ അല്ലാഹുവിന്റെ കാരുണ്യത്തെ കുറിച്ച് ആശ മുറിയുകയില്ല .

(A. വഴിപിഴച്ചവർ B. മുശ്രിക്കുകൾ C. മുനാഫിക്കുകൾ )

24. യഅകൂബ് നബിയുടെ കാഴ്ച നഷ്ടപ്പെടാൻ കാരണം.

( A. രോഗം ബാധിച്ചത് മൂലം, B. വാർദ്ധക്യം മൂലം,

C. മക്കൾ നഷ്ടപ്പെട്ടതിലുള്ള ദുഃഖം നിമിത്തം)

25. അനുമോദനാർത്ഥം സന്തോഷ വിവരം മുൻകൂട്ടി അറിയിച്ചു കൊണ്ട് വരുന്ന ആൾക്കാണ് ............ എന്ന് പറയുന്നത്

(A. بشير B. نذير C. رسول)

26. എൻറെയും (യൂസഫ് നബി (അ)) എൻറെ സഹോദരന്മാരുടെയും ഇടയിൽ ............ കുഴപ്പം ഇളക്കിവിട്ടിരിക്കുന്നു.

(A. പിശാച്     B. മുശ്രിക്കുകൾ     C. ജൂതന്മാർ

27. അധികമാളുകളും ............ അല്ലാഹുവിൽ വിശ്വസിക്കുന്നില്ല.

(A. ശിർക്ക് കൊണ്ടല്ലാതെ     B. റിയാഉ കൊണ്ടല്ലാതെ

C. അജ്ഞരായി കൊണ്ടല്ലാതെ )

28. ............ മാത്രമേ വഹ്‌യ് നല്കപ്പെട്ടുകൊണ്ടുള്ള റസൂലുകളായി അല്ലാഹു നിയോഗിക്കുകയുള്ളൂ.

(A. പുരുഷന്മാരെ     B. മലക്കുകളെ     C. അറബികളെ)

29. താഴെ കൊടുത്തവയിൽ ഏതു പ്രവാചകൻറെ മാതാവിനാണ് ദൈവീക സന്ദേശം ലഭിച്ചിട്ടുള്ളത്.

(A. മൂസ നബി (അ)     B. യൂസഫ് നബി(അ)     C. ഇബ്രാഹീം നബി (അ))

30. പ്രവാചകത്വം നല്കപ്പെടാതെ അല്ലാഹു ദൂതനായി അയക്കുന്ന മലക്കുകൾക്ക് അറബിയിൽ പറയുന്ന പേര്

( A. رسول     B. نبي     C. نذير)

31. ............ ഉറുമ്പ് അരിച്ചു വരുന്നതിനേക്കാൾ ഗൂഢമായി വന്നുചേരുന്നതാണ്.

(A. ബിദ്അത്     B. ശിർക്     C. പലിശ)

32. സഹോദരൻമാർ യൂസുഫിന്റെ അടുക്കൽ പ്രവേശിച്ചപ്പോൾ, അദ്ദേഹം തന്റെ സഹോദരനെ ............

(A. അണച്ചുകൂട്ടി     B. ഹസ്തദാനം നടത്തി     C.കൈവീശി കാണിച്ചു)

33. رَبِّ قَدْ آتَيْتَنِي مِنَ الْمُلْكِ وَعَلَّمْتَنِي مِن تَأْوِيلِ الْأَحَادِيثِ ۚ فَاطِرَ السَّمَاوَاتِ وَالْأَرْضِ أَنتَ وَلِيِّي فِي الدُّنْيَا وَالْآخِرَةِ ۖ تَوَفَّنِي مُسْلِمًا وَأَلْحِقْنِي بِالصَّالِحِينَ ഇങ്ങനെ പ്രാർത്ഥിച്ചതാര്?12/101

(A. യൂസുഫ് നബി (അ )     B. യഅ്കൂബ് നബി (അ),     C. മുഹമ്മദ് നബി ﷺ)

34. രാജാവിന്റെ നഷ്ടപ്പെട്ട അളവുപാത്രം കൊണ്ടുവന്നുതരുന്നവനു ............ ചുമട്ടു ധാന്യം അവർ സമ്മാനം പ്രഖ്യാപിച്ചു .

(A. ഒരു ഒട്ടകത്തിന്റെ     B. രണ്ട് ഒട്ടകത്തിന്റെ     C. മൂന്ന് ഒട്ടകത്തിന്റെ )

35. താൻ യൂസുഫാണെന്ന രഹസ്യം അദ്ദേഹം ബിൻയാമീനെ ............

(A. ഉടൻ അറിയിച്ചു     B. അറിയിച്ചില്ല     C. പിന്നീട് അറിയിച്ചു)

36. രാജാവിന്റെ നഷ്ടപ്പെട്ട അളവുപാത്രം കൊണ്ടുവന്നുതരുന്നവനു സമ്മാനം പ്രഖ്യാപിച്ചത് ആര് ?

(A. രാജാവ്     B. കൊട്ടാര ഉദ്യോഗസ്ഥൻ     C.യൂസുഫ് നബി(അ))

37. ............ നബിയുടെ ശരീഅത്തു (നിയമനടപടി) പ്രകാരം മോഷ്ടാവിന്റെ ശിക്ഷ, മോഷ്ടിക്കപ്പെട്ട സ്വത്തിന്റെ ഉടമസ്ഥനു അവനെ വിട്ടുകൊടുക്കലാകുന്നു.

(A. ഇബ്രാഹീം (അ)     B. യൂസഫ് (അ)     C. നൂഹ്(അ))

38. അവൻ മോഷ്ടിക്കുന്നെങ്കിൽ, മുമ്പ് അവന്റെ ഒരു സഹോദരനും മോഷ്ടിക്കുകയുണ്ടായിട്ടുണ്ട്.' ഇത് കേട്ടപ്പോൾ യൂസുഫിന്റെ പ്രതികരണം എന്തായിരുന്നു?

( A. അത് നിഷേധിച്ചു B. ശക്തമായി പ്രതികരിച്ചു C.ഒന്നും പ്രതികരിച്ചില്ല )

39. അനുജനെ വിട്ടുകിട്ടുവാൻ അളവ് പത്രം അനുജന്റെ സഞ്ചിയിൽ യൂസുഫ് നബി വെച്ചത് ....................................

( A. വഞ്ചന B. തന്ത്രം C. അറിയാതെ സംഭവിച്ചത് )

40. ഉന്നതസ്ഥാനത്തിരിക്കുന്നവരെ സംബോധനം ചെയ്‌വാൻ ഉപയോഗിക്കുന്ന ഒരു വാക്കാണ് .............

(A. العزيز B. الجليس C. الرفيع )

41. എന്റെ പിതാവു എനിക്കു അനുവാദം നൽകുകയോ, അല്ലാഹു എനിക്കു (വല്ല പരിഹാരവും) വിധിച്ചുതരുകയോ ചെയ്യുന്നതുവരേക്കും ഞാൻ (ഈ) ഭൂമി വിട്ടുപോരുന്നതേയല്ല. അവൻ വിധികർത്താക്കളിൽ ഏറ്റം ഉത്തമനാണുതാനും. ഇത് ആരുടെ വാക്കുകളാണ് ?

( A. യുസുഫിന്റെ B. യുസുഫിന്റെ ഇളയ സഹോദരന്റെ

C. യുസുഫിന്റെ മൂത്ത സഹോദരന്റെ

42. فصبر جميل "എനി, ഭംഗിയായ ക്ഷമ" ഇത് എത്ര പ്രാവശ്യം സൂറത് യുസുഫിൽ വന്നിട്ടുണ്ട്?

(A. 1 B. 2 C. 3 )

43. കണ്ണുകൾ കണ്ണു നീരൊഴുക്കും. ഹൃദയം വ്യസനപ്പെടുകയും ചെയ്യും. നമ്മുടെ റബ്ബ് തൃപ്തിപ്പെടുന്നതല്ലാതെ ഞങ്ങൾ പറയുകയില്ല " ഇത് ആരുടെ വാക്കുകളാണ്

( A. മുഹമ്മദ് നബി ﷺ B. യാക്കുബ് നബി(അ) C. ഇബ്റാഹീം നബി (അ))

44. യുസുഫിനെ നേരിൽ കാണുന്നത് വരെ യാക്കുബ് നബി കരുതിയിരുന്നത് തന്റെ മകൻ ............................ എന്നായിരുന്നു

( A. മരണപ്പെട്ടു കാണും , B. തിരിച്ചു വരില്ല C. തിരിച്ചു വരും)

45. ഉഥ്മാന് (റ)ന്റെ കാലത്തു മുസ്ഹഫിന്റെ പകര്പ്പുകളെടുത്ത സംഘത്തിന്റെ തലവനായിരുന്നു.

(A. സൈദുബ്നു ഥാബിത്ത്, B. മുജാഹിദ് C. ഇക്രിമഃ)

46. جامع البيان في تفسير القرآن (ഖുര്ആന് വ്യാഖ്യാനത്തിലുള്ള വിവരണ സമാഹാരം) എന്ന മഹല് ഗ്രന്ഥത്തിന്റെ കർത്താവ് ആര്?

(A. ഇബ്നുല് കസീർ B. ഇബ്നുല് ജരീര് C. ഇമാം ഖുർതുബി)

47. ഈജിപ്തിൽ നിന്ന് പോരുവാൻ മടിച്ചു നിന്നത് യഅകൂബ് നബിയുടെ എത്രാമത്തെ മകനായിരുന്നു

(A. ഇളയവൻ B. രണ്ടാമത്തെ മകൻ C. മൂത്തവൻ)

48. ആരെയൊക്കെയാണ് ഈജിപ്തിലേക്ക് കൊണ്ടുചെല്ലാൻ യൂസുഫ് നബി സഹോദരങ്ങളോട് കല്പിച്ചത് ?

(A. പിതാവിനെ, B. മാതാവിനെയും പിതാവിനെയും C. പിതാവടക്കമുള്ള മുഴുവൻ കുടുംബങ്ങളെയും)

49. തന്റെ മകൻ മരിച്ചപ്പോൾ അദ്ദേഹം ഇങ്ങനെ പറഞ്ഞു : "നീന്റെ വേർപാട് നിമിത്തം ഞങ്ങൾ വ്യസനപ്പെട്ടവർ തന്നെയാകുന്നു". ഇത് ആരുടെ വാക്കുകളാണ്?

(A. ഇബ്രാഹിം നബിയുടെ മാതാവ് B. യൂസുഫ് നബി C. മുഹമ്മദ് നബിﷺ )

50. എത്രാം തവണ ഈജിപ്തിലേക്ക് വന്നപ്പോഴാണ് യൂസുഫ് നബി തന്റെ സഹോദരങ്ങൾക്ക് മുന്നിൽ സ്വയം വെളിപ്പെടുത്തിയത്?

(A. 2 B. 3 C. 4 )

51. യഅഖൂബ് നബിയുടെ കാഴ്ച നഷ്ടപ്പെട്ട സംഭവം യൂസുഫ് നബി അറിഞ്ഞത് ..................?

(A. സഹോദരങ്ങൾ വഴി B.വഹിയ് വഴി C.പിതാവിനെ കണ്ടപ്പോൾ)

52. യഅ്ഖൂബ് നബി ഈജിപ്തിലേക്ക് പോകുന്ന സന്ദർഭത്തിൽ യൂസുഫ് നബിയുടെ മാതാവ് ..........?

( A. അദ്ദേഹത്തിന്റെ കൂടെ ഈജിപ്തിലേക്ക് പോയി

B. ഈജിപ്തിലേക്ക് പോയില്ല C. ജീവിച്ചിരിപ്പുണ്ടായിരുന്നില്ല.)

53. അറിവുള്ളവർ ഏതൊരുവൻ ആയാലും അവനെക്കാൾ അറിയുന്ന വേറൊരാൾ ഉണ്ടായിരിക്കുകയും അവസാനം അത് .................................... ചെന്ന് അവസാനിക്കുകയും ചെയ്യും

( A. ഖുർആനിൽ B. പ്രവാചകനിൽ C. അല്ലാഹുവിൽ)

54. حبر الامة –സമുദായത്തിലെ പണ്ഡിതൻ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന മഹാൻ ആര്.

(A. അബു മൂസൽ അശ്അരി B. ഇബ്നു അബ്ബാസ്

C അബ്ദുല്ലാഹിബിന് മസ്ഊദ് )

55. മരുഭൂ പ്രദേശങ്ങളല്ലാത്ത നഗരങ്ങളും പട്ടണങ്ങളും അടക്കമുള്ള നാട്ടുകൾക്കാണ് ..................... എന്ന് പറയുന്നത്.

( A. قرى B. بلاد C. عاصمة)

56. സ്വഹാബികളുമായി വളരെ ബന്ധം പുലർത്തുകയും, അവരിൽ നിന്ന് അറിവ് സമ്പാദിക്കുകയും ചെയ്ത ഒരു പ്രസിദ്ധാ താബിഈ പ്രമുഖനായിരുന്നു .

(A. സൈദ്ബ്നു അസ്‌ലം B. ഇമാം മാലിക് C. അബ്ദുല്ഹിബ്നു ജുബൈർ )

57. ആദ്യം തന്നെ തെന്റെ സഹോദരന്മാരെ കണ്ടപ്പോൾ യൂസുഫ് (അ) ........................

( A. പരിചയം നടിച്ചു B. പരിചയം നടിച്ചില്ല. C. തിരിച്ചറിഞ്ഞില്ല)

58. കണ്ണേറ് (കരിങ്കണ്ണ് ) എന്നത് --------------------

( A. അന്ധവിശ്വാസമാണ് B. യാഥാർഥ്യമാണ് C. മിഥ്യാധാരണയാണ് )

59. كيد എന്ന പദത്തിന്റെ അർത്ഥം

(A. തന്ത്രം B. അളവ് C. സ്പൂൺ)

60. റമദ്വാൻ മാസത്തിലെ രാത്രി നമസ്കാരത്തിൽ ഉമർ (റ) ജനങ്ങൾക്ക് ഇമാമായി നിശ്ചയിച്ചത് ആരെ ?

(A. അബ്ദുല്ലാഹിബ്നു സുബൈർ B. അബൂമൂസൽ അശ്അരീ

C. ഉബയ്യുബ്നു കഅ്ബ് )

61. ഇബ്രാഹീം നബിയുടെ ശരീഅത്തിൽ മോഷ്ടാവിനുള്ള ശിക്ഷ എന്തായിരുന്നു ?

(A. കൈമുറിക്കൽ B. കൊലപ്പെടുത്തൽ C. മോഷ്ടാവിനെ ഉടമക്ക് വിട്ട് കൊടുക്കുക)

62. സിംഹാസനം എന്നതിന് അറബിയിൽ ....................... എന്ന് പറയുന്നു

(A عرش B. كرسي C. مقعد)

63. സഹോദരന്മാർ കുറ്റ സമ്മതം നടത്തിയപ്പോൾ യൂസുഫ് നബി (അ) നൽകിയ മറുപടി എന്ത് ?

(A. സമ്മാനങ്ങൾ നൽകാൻ കല്പിച്ചു B. പാപമോചനത്തിനായി പ്രാർത്ഥിച്ചു C. മനസ്സിൽ പ്രതികാരം സൂക്ഷിച്ചു )

64. --------- മാത്രമാണ് നബിﷺ മേൽ ബാധ്യതയായിട്ടുള്ളത്.

(A. പ്രബോധനം B. ഖുർആൻ അധ്യാപനം

C. ജിബ്‌രീൽ ഓതി കൊടുക്കുന്നത് പിൻപറ്റൽ)

65. യൂസുഫ് നബിﷺ നെ കിണറ്റിലിട്ട ശേഷം അദ്ദേഹത്തിന് എന്ത് സംഭവിച്ചു എന്നാണു സഹോദരന്മാർ പിതാവിനോട് പറഞ്ഞത് ?

(A. ചെന്നായ പിടിച്ചു B. തടവിലകപ്പെട്ടു C. വഴിയിൽ നഷ്ടപ്പെട്ടു)

66. തങ്ങൾക്ക് ലഭിച്ച മഹത്തായ അനുഗ്രഹങ്ങൾക്ക് നന്ദിയായി ചെയ്യുന്ന സുജൂദാണ് .....................

( A سجود الحمد B سجود المدح C سجود الشكر )

67. ബിന്യാമീനെ ഈജിപ്തിലേക്ക് തങ്ങളുടെ കൂടെ കൊണ്ട് പോയാലുള്ള നേട്ടമായി സഹോദരന്മാർ പറഞ്ഞത് എന്ത് ?

(A. ധാന്യം കൂടുതൽ ലഭിക്കും B. യാത്രക്ക് സഹായിയാകും

C. കൊട്ടാരത്തിൽ സ്ഥാനം ലഭിക്കും)

68. യൂസഫ് നബി തന്റെ സഹോദരൻ ബിന്യാമീനെ കണ്ടപ്പോൾ തന്നെ സ്വയം -----------

( A. പരിചയപ്പെടുത്തി , B. പരിചയം മറച്ചു വെച്ച് , C. സൂചനകൾ നൽകി

69. --------- എന്ന വാക്കു വെള്ളം കുടിക്കാറുള്ള സ്ഥാനത്തിനും, അതു കൊണ്ടുപോകുകയോ കുടിക്കുകയോ ചെയ്യുന്ന പാത്രത്തിനും ഉപയോഗിക്കപ്പെടും.

(A. ماعون B. سقاية C. اناء )

70. ഈജിപ്തിലെ രാജാവിന്റെ മത (നിയമ) നടപടിപ്രകാരം അദ്ദേഹത്തിനു കട്ടവനെ പിടിച്ചു വെക്കൽ .......................

(A. അധികാരമുണ്ട് B. അധികാരമില്ല C.ആക്ഷേപാര്ഹമല്ല )

71. ഒരു സമ്മാനവും സ്മാരകവുമായി മറ്റുള്ളവർ അറിയാതെ, ആ കോപ്പ യൂസുഫ് (അ) സഹോദരന്റെ ചാക്കിലിട്ടു. എന്ന വിശദീകരണം ..............................

(A. തെറ്റായ വ്യാഖ്യാനം . B. ശരിയായ അഭിപ്രായം

C. മുന്ഗാമികളിൽ ചിലരുടെ അപിപ്രായം )

72. ഇബ്നു അബ്ബാസ് (റ)ൽ നിന്നും അലിയ്യുബിനു ത്വല്ഹ വഴി രിവായത്തു ചെയ്യപ്പെടുന്ന തഫ്സീറുകളാണ് .................. ...... അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ സ്വീകരിച്ചിട്ടുള്ളത്.

(A. ഇമാം ബുഖാരി B. ഇമാം മുസ്ലിം C. ഇബ്നു കസീർ )

73. 'നിങ്ങൾക്കറിഞ്ഞുകൂടേ, നിങ്ങളുടെ പിതാവു നിങ്ങളോട് അല്ലാഹുവിങ്കൽനിന്നും ഒരുറപ്പു വാങ്ങീട്ടുണ്ടെന്നു?! ഇത് ആരുടെ വാക്കുകളാണ്

( A. യുസുഫിന്റെ B. ബിൻ യാമീന്റെ C. യുസുഫിന്റെ മൂത്ത സഹോദരന്റെ

74. അവരെ എല്ലാവരെയും (തന്നെ) അല്ലാഹു എനിക്കു കൊണ്ടുവന്നു തന്നേക്കാവുന്നതാണ്." എന്ന യാക്കൂബ് നബിയുടെ വാക്കുകളിൽ "അവരെ എല്ലാവരെയും " എന്ന് ഉദ്ദേശിച്ചത് എത്ര മക്കളെയാണ് ?

(A. 1 B. 2 C. 3 )

75. ഈജിപ്തിലെ കിരീടധാരിയായ രാജാവിന് പറയുന്ന പേരാണ്.......?

(A. ഫിർഔൻ B. കൈസർ C. സീസർ)

**പൂരിപ്പിക്കുക** **76 മുതൽ 84 വരെ 1 മാർക് വീതം**

76. ദാന്യത്തിന്റെ വിലയായി യുസുഫിന്റെ സഹോദരന്മാർ കൊണ്ടുവന്നിരുന്ന ദ്രവ്യങ്ങൾ ......................... ആയിരുന്നുവെന്നും, ചെരുപ്പു മുതലായ വിൽപന വസ്തുക്കളായിരുന്നുവെന്നും പറയപ്പെടുന്നു.

77. പ്രവാചകന്മാരല്ലാത്ത ആളുകള്ക്കും ദൈവീക സന്ദേശങ്ങളും .................... ലഭിച്ചെന്നു വരാം

78. പാരായണം മുഖേന ആരാധനാ കർമം ചെയ്യപ്പെടുന്നതാണ്.................

79. നിശ്ചയമായും, കാര്യം: ആരെങ്കിലും സൂക്ഷ്മത പാലിക്കുകയും, .................... ചെയ്യുന്നപക്ഷം, നിശ്ചയമായും (ആ) സൽഗുണവാൻമാരുടെ പ്രതിഫലം അല്ലാഹു പാഴാക്കിക്കളയുകയില്ല

80. .................... ഒരു നല്ല ഓത്തുകാരനും. നബി (സ.അ) അദ്ദേഹത്തിന്റെ ഓത്തു കേൾക്കുവാൻ ഇഷ്ടപ്പെടുകയും ചെയ്തിരുന്നു.

81. ....................... ൽ നിന്നെത്തിയ യാത്രാ സംഘത്തെ കണ്ടപ്പോൾ തന്നെ തന്റെ സഹോദരൻമാരെ യൂസുഫ് (അ) തിരിച്ചറിഞ്ഞു.

82. യാക്കൂബ് നബിയുടെ ............................. രണ്ടുപേർ ഒരേ മാതാവിൽ നിന്നുള്ളവരാണു

83. യൂസുഫ് നബി ഈജിപ്തിലെ ___________ ഉം ഭരണത്തിന്റെ അമരക്കാരനുമായിത്തീർന്നു

84. അറബിഭാഷ പൗരാണിക -------- ഭാഷകളില് പെട്ടതാകുന്നു.

85. നബിയേ) പറയുക: 'ഇതാ എന്റെ മാർഗ്ഗം; ഞാൻ അല്ലാഹുവിലേക്കു ---------------------
ഓട് കൂടി ക്ഷണിച്ചു കൊണ്ടിരിക്കുന്നു.

**ഉത്തരം എഴുതുക . അഞ്ചെണ്ണം മാത്രം** **85 മുതൽ 91 വരെ 2 മാർക്ക് വീതം**

86. ബിന്യാമീനെ സഹോദരന്മാരുടെ കൂടെഅയക്കാൻ പിതാവ് നിബന്ധനയായി പറഞ്ഞത്എന്ത്?
87. യഅ്ഖൂബ് (അ) മനസ്സിൽകരുതിയിരുന്ന ഒരാവശ്യം അദ്ദേഹം നിർവ്വഹിച്ചുവെന്നല്ലാതെ അതുകൊണ്ട് പ്രത്യേകം പ്രയോജനമൊന്നും ഉണ്ടായില്ല. ഏത് കൊണ്ട്
88. ശിർക്കിനെ തൊട്ട് സൂക്ഷിക്കുവാൻ നബി(സ) പഠിപ്പിച്ച പ്രാർത്ഥന ഏത്?
89. ബിന്യമിൻറെ സഞ്ചിയിൽ നിന്ന് രാജാവിന്റെ പാന പാത്രം പിടിക്കപ്പെട്ടപ്പോൾ എന്തായിരുന്നു സഹോദരങ്ങളുടെ പ്രതികരണം ?
90. ധാന്യം അന്വേഷിച്ചു വന്ന തന്റെ സഹോദരങ്ങൾക്ക് ധാന്യം നൽകി പറഞ്ഞയച്ചപ്പോൾ യൂസുഫ് അവരോട് ആവശ്യപ്പെട്ട കാര്യം എന്തായിരുന്നു?
91. ഖുർആൻ പരിഭാഷ അനുവദനീയമാണെന്നതിനു ഒരു തെളിവ് എഴുതുക
**92.** وحي എന്നതിന്റെ ഭാഷാർത്ഥവും സാങ്കേതികാർത്ഥവും എഴുതുക

**സന്ദർഭം എഴുതുക. രണ്ടെണ്ണം മാത്രം** **92 മുതൽ 94 വരെ 2.5 മാർക്ക് വീതം**

93. "ഞങ്ങൾ ഭൂമിയിൽ കുഴപ്പമുണ്ടാക്കുവാൻ വന്നിട്ടില്ലെന്നു തീർച്ചയായും നിങ്ങൾക്കറിയാമല്ലോ; "
94. നിങ്ങൾക്കറിഞ്ഞുകൂടേ, നിങ്ങളുടെ പിതാവു നിങ്ങളോട് അല്ലാഹുവിങ്കൽനിന്നും ഒരുറപ്പു വാങ്ങീട്ടുണ്ടെന്നു
95. അത് പൂർത്തിയാകും മുമ്പായി ആയുഷ്ക്കാലം കഴിഞ്ഞു പോയേക്കുമല്ലോ?

---

RESULT WILL BE DECLARED ON MAY 11th EVENING IN "AHLAN WA SAHLAN YA RAMADAN" PROGRAM

അടുത്ത പരീക്ഷ സൂറ : ഹൂദ് അടിസ്ഥാനമാക്കി

Date: October 19, 2018